"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം-വന്യജീവി വകുപ്പ് -ലേലം കൊണ്ട തടി നീക്കം ചെയ്യൽ-വ്യവസ്ഥകളിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യം നിരാകരിച്ചും WP(C) No. 16521/21 ന്റെ 26/10/2021 ലെ ബഹു ഹൈക്കോടതി ഉത്തരവ് പാലിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.440/2021/വനം തീയതി,തിരുവനന്തപുരം, 31/12/2021

---

പരാമർശം:-

1. ശ്രീ എൻ ഡി പ്രേം നാഥ്, ശ്രീ ബിനുതോമസ്, ശ്രീഅബ്ദുൽ സമദ്, ശ്രീ അക്ബർറഫീഖ് അലി, ശ്രീ റ്റി പി കുഞ്ഞാലൻകുട്ടി, ശ്രീ ഷമീർ, ശ്രീ പി സി മുഹമ്മദ്, എന്നിവർ ഫയൽ ചെയ്ത WP(C) No. 16521/21 കേസ്
2. WP(C) No. 16521/21 കേസിന്റെ 26/10/2021 ലെ- ബഹു ഹൈക്കോടതി ഉത്തരവ്

**<u>ഉത്തരവ്</u>**

ബഹു ഹൈക്കോടതി പരാമർശം 2 ലെ ഉത്തരവിൽ, അപേക്ഷകർ സർക്കാരിന് സമർപ്പിച്ചതും പ്രസ്തുത കേസിൽ Exhibit P11 ആയി സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷ Exhibit P 26,P27,P29 എന്നിവയോടൊപ്പം പരിശോധിച്ചും അപേക്ഷകരെ നേരിൽ കേട്ടും തീരുമാനമെടുക്കാൻ നിർദ്ദേശിച്ചിരുന്നു.

2. കോന്നി ഡിവിഷനിൽ പെരുമല ഡമ്പിംഗ് സൈറ്റിൽ 28 -01 -2020, 25-02-2020 തീയതികളിൽ ലേലത്തിൽ പിടിച്ച തടി നീക്കം ചെയ്യുന്നതിന് കയറ്റിറക്ക തൊഴിലാളികളുടെ തർക്കം മൂലം സാധിച്ചില്ലായെന്നും തടി നീക്കം ചെയ്യാത്തതിന് ഫോറസ്റ്റ് അധികൃതർ നിശ്ചയിച്ചിട്ടുള്ള തറ വാടക, പലിശ,പിഴപലിശ എന്നിവ വളരെ അധികമായതിനാൽ അവ ഒഴിവാക്കിത്തരണമെന്നും ലേലത്തിൽ പിടിച്ച തടി പുനർലേലം ചെയ്യുന്നത് ഒഴിവാക്കണമെന്നുമാണ് അപേക്ഷകർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്.

3. ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെ 07-12-2021 നേരിൽ കേൾക്കുകയുണ്ടായി. സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ അനുഭാവപൂർണ്ണമായി പരിഗണിക്കാനാണ് അപേക്ഷകർ

ആവശ്യപ്പെട്ടത്.

4. 28 -01 -2020, 25 -02 -2020 തീയതികളിൽ ലേലത്തിൽ പിടിച്ച തടി നീക്കം ചെയ്യുന്നതിന് പ്രത്യേക ഇളവ് പ്രകാരമുള്ള ഗ്രേസ് സമയം യഥാക്രമം 11 -06 -2020 ലും 09 -07 -2020 ലും അവസാനിച്ചിരുന്നു. കോവിഡ് -19 ഒന്നാം തരംഗവുമായി ബന്ധപ്പെട്ട് 15 -07 -2020 ലെ സർക്കാർ ഉത്തരവ് (സാധാ.) നം.155 / 2020/വനം പ്രകാരം ലോക് ഡൗൺ കാലയളവിൽ തടിലേലവുമായി ബന്ധപ്പെട്ടിട്ടുള്ള തുക ഒടുക്കലുകൾക്കും തടി നീക്കം ചെയ്യുന്നതിനും 24 -03-2020 മുതൽ 31-05-2020 വരെയുള്ള കാലയളവ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അത് പ്രകാരം ഒഴിവാക്കിയ 6 9 ദിവസങ്ങൾ കൂടി കണക്കാക്കിയാൽ ലേല നിബന്ധന 14 ഡി , 15 ഡി എന്നിവ പ്രകാരം തടികൾ തറവാടകയും പലിശയും പിഴപ്പലിശയും ഒടുക്കി 28-01-2020 ലെ ലേലത്തിലെ ലോട്ടുകൾ 09-10-2020 വരേയും 25-02-2020 ലെ ലേലത്തിലെ ലോട്ടുകൾ 01-11-2020 വരേയും നീക്കംചെയ്യാമായിരുന്നു. ഇ -ലേലത്തിലൂടെ വിൽപ്പന നടത്തിയ മേൽപ്പറഞ്ഞ ലോട്ടുകൾ ലേലനിബന്ധന 14 ഡി പ്രകാരം പലിശയും പിഴപ്പലിശയും 1 5 ഡി പ്രകാരമുള്ള തറവാടകയും ഒടുക്കി ലേലവ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള കാലയളവിനുള്ളിൽ നീക്കം ചെയ്യേണ്ടത് ലേലം വിളിച്ചെടുത്തവരുടെ ഉത്തരവാദിത്തമാണ്. മേൽ കാലയളവിനു ശേഷം നീക്കം ചെയ്യാതെ കിടക്കുന്ന ലോട്ടുകൾ പുനർലേലം ചെയ്യുന്നതാണെന്ന് ലേലവ്യവസ്ഥ 15 ഇ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. Exhibit P 26, P29 എന്നിവയിൽ 03 -05-2021 മുതൽ 16 -06 -2021 വരെയുള്ള കോവിഡ് രണ്ടാം തരംഗത്തിൽ ലേലംകൊണ്ട ഉൽപ്പന്നങ്ങളുടെ തറവാടകയും പിഴപ്പലിശയും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവായതിനാലും സമാനമായ കാര്യത്തിൽ 2 0 2 0 ൽ മുൻഖണ്ഡികയിൽ സൂചിപ്പിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും Exhibit P 27 ൽ 2015 ലെ വീയപുരം ഡിപ്പോയിലെ കയറ്റിറക്കു തൊഴിലാളി സമരം നീളുന്ന സാഹചര്യത്തിൽ ലേലം റദ്ദു ചെയ്തു സർക്കാരിന് നഷ്ടം വരാത്ത വിധത്തിൽ ലേലക്കാർ അടച്ച തുക സർക്കാരിന്റെ മറ്റേതെങ്കിലും ഡിപ്പോകളിൽ വിളിക്കുന്ന തടികൾക്കു മാറ്റി നൽകിക്കൊണ്ടുള്ള ഉത്തരവായതിനാലും അവ നിലവിലെ Exhibit P11 അപേക്ഷയിലെ ആവശ്യങ്ങളുമായി ചേർത്ത് പരിഗണിക്കാൻ സമാനതകളില്ലാത്തതാണ് .

5. മേൽ സാഹചര്യത്തിൽ, 26-10-2021 ലെ WP(C) No. 16521/21 കേസിൽ ബഹു ഹൈക്കോടതി ഉത്തരവ് പാലിച്ച് , ലേലവ്യവസ്ഥകൾ പാലിക്കാത്തതിനാൽ അപേക്ഷകരുടെ ആവശ്യം പരിഗണനാർഹമല്ലായെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
പ്രിൻസിപ്പൽ സെക്രട്ടറി

റജിസ്ട്രാർ,കേരളഹൈക്കോടതി,എറണാകുളം(with C/L)
ശ്രീ എൻ ഡി പ്രേംനാഥ്, കിരൺ ടിംബേഴ്സ്, മുടവൻമുകൾ,പൂജപ്പുര പി ഒ, തിരുവനന്തപുരം- 695012.
ശ്രീ ബിനുതോമസ്, കടമ്മാട്ട് ട്രേഡേഴ്സ്, കോന്നി പി.ഒ-689691.
ശ്രീ അബ്ദുൽ സമദ്, വി എച്ച് എം ടിംമ്പേഴ്സ്, തൊട്ടിലങ്ങാടി പി ഒ, കാവാനൂർ, മലപ്പുറം- 673639.
ശ്രീ അക്ബർ റഫീഖ് അലി, അലി ടിംമ്പേഴ്സ്, നടുക്കുന്ന്, പത്താനാപുരം , കൊല്ലം-689695.
ശ്രീ റ്റി പി കുഞ്ഞാലൻകുട്ടി, റ്റി പി ടിംമ്പർ ട്രേഡേഴ്സ്, എടവണ്ണ മലപ്പുറം-676541.
ശ്രീ ഷമീർ, അൽ അമീൻ ടിംമ്പേഴ്സ്, പത്താനാപുരം , കൊല്ലം-689695.
ശ്രീ പി സി മുഹമ്മദ് പി സി ടിംമ്പേഴ്സ് ഇരിവേട്ടി, മലപ്പുറം- 673639.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്മാനേജ്മെന്റ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Ravindran C
Date: 31-12-2021 14:54:59
Reason: Approved
സെക്ഷൻ ഓഫീസർ